**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 735** **26-07-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയുടെ വികസനത്തിനായുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ജി.ഡി.പി. യുടെ ഇരുപത്തിമൂന്ന് ശതമാനത്തോളം സംഭാവന ചെയ്യുന്ന ടൂറിസം മേഖലയുടെ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | (എ) | ടൂറിസം മേഖലയുടെ വികസനത്തിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിനോദ സഞ്ചാര മേഖല വളരെ പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഈ അവസരത്തിലും സർക്കാർ വിവിധ പുനരുജ്ജീവന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രൊമോഷൻ ക്യാമ്പയിൻസ് ആണ് അവയിൽ ഏറ്റവും പ്രധാനം. കോവിഡ് മൂലം സ്തംഭനാവസ്ഥയിലായ ടൂറിസം മേഖലയുടെ പുനരുജ്ജീവനത്തിനായി പോസ്റ്റ് കോവിഡ് ക്യാമ്പയിൻ എന്ന പേരിൽ പ്രിന്റ്, ടി വി, ഒ.ടി.ടി, ഓൺലൈൻ, സോഷ്യൽ മീഡിയ എന്നിവ ഉപയോഗിച്ചുകൊണ്ട് വിവിധങ്ങളായ പ്രചരണ പരിപാടികൾ വകുപ്പ് നടപ്പിലാക്കിക്കഴിഞ്ഞു. വിദേശ സഞ്ചാരികളുടെ കുറവ് നികത്താനായി കൂടുതൽ ആഭ്യന്തര ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നതിന് "ചേഞ്ച് ഓഫ് എയർ" എന്ന തീമിനെ ആസ്പദമാക്കിയുള്ള ക്യാമ്പയിൻ നടപ്പിലാക്കി വരുന്നു. |
| (ബി) | ടൂറിസം മേഖലയിലെ നിക്ഷേപകരായി സംസ്ഥാനത്ത് എത്ര പേർ / കൂട്ടായ്മകൾ / മറ്റുള്ളവർ ഉണ്ടെന്നും അവരുടെ പ്രശ്നങ്ങൾ എന്തെല്ലാമെന്നും ആയത് കേൾക്കുവാനും പരിഹരിക്കാനും എന്തു നടപടി സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | ടൂറിസം വകുപ്പ് ക്ലാസിഫൈഡ് ആയതും അല്ലാത്തതുമായ ഹോട്ടലുകളും റിസോർട്ടുകളും ഹോം സ്റ്റേകളും ആയുർവേദ സെന്ററുകളും ഹൗസ് ബോട്ടുകളും സർവ്വീസ്ഡ് വില്ലകളും ഉൾപ്പെടെ സംസ്ഥാനത്ത് നിലവിൽ ഏഴായിരത്തോളം അക്കോമഡേഷൻ യൂണിറ്റുകൾ ഉണ്ട്. ഇതുകൂടാതെ അമ്യൂസ്മെന്റ് പാർക്കുകൾ, റസ്റ്റോറന്റുകൾ, ടൂർ ഓപ്പറേറ്റർമാർ, അഡ്വഞ്ചർ ടൂറിസം രംഗത്തുള്ളവർ എന്നിങ്ങനെ വളരെയധികം നിക്ഷേപകർ ഇന്ന് സംസ്ഥാനത്ത് ടൂറിസം രംഗത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. ഇവരുടെ പ്രശ്നങ്ങൾ കേൾക്കുവാനും ആയതിന്റെ പരിഹാരത്തിനും ടൂറിസം മേഖലയിലെ സംരംഭകരുടെ ഒരു യോഗം 2021 മെയ് മാസം 27-ാം തീയതി വിളിച്ചുചേർക്കുകയും അഭിപ്രായ ങ്ങളും നിർദ്ദേശങ്ങളും |

| | | | |
|---|---|---|---|
| | | | തുടർ കർമ്മ പദ്ധതികൾക്കായി ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കോവിഡ് മഹാമാരി മൂലം പ്രസ്തുത മേഖലയിൽ എന്തെല്ലാം പ്രശ്നങ്ങളുണ്ടായി എന്നും എത്ര പേർക്ക് തൊഴിൽ നഷ്ടമായി എന്നും വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | 2020 ൽ സംസ്ഥാനത്ത് ബാധിച്ച കോവിഡ് മഹാമാരി സംസ്ഥാനത്തെ ടൂറിസം മേഖലയിൽ ഗുരുതരമായ ആഘാതം ആണ് സൃഷ്ടിച്ചത് . 2019 ലെ സ്ഥിതിവിവരകണക്കുകളുമായ് താരതമ്യം ചെയുമ്പോൾ 2020 കലണ്ടർ വർഷം വിദേശ വിനോദസഞ്ചാരികളുടെ വരവിൽ 71.36 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്. ആഭ്യന്തരവിനോദ സഞ്ചാരികളുടെ വരവിലും 72.86 ശതമാനം ഇടിവ് ഉണ്ടായി. വിദേശനാണ്യ വരുമാനം 2019 കലണ്ടർ വർഷം 10,271.06 കോടി രൂപ ആയിരുന്നത് 2020 ൽ 2,799.85 കോടി രൂപ ആയി കുറഞ്ഞു (7,471.21 കോടി രൂപയുടെ കുറവ് ) ആകെ വരുമാനം 2019 കലണ്ടർ വർഷം 45,019.69 കോടി രൂപ ആയിരുന്നത് 2020 കലണ്ടർ വർഷത്തിൽ 11,335.96 കോടി രൂപയായി കുറഞ്ഞു (33,681.73 കോടിരൂപയുടെ കുറവ് ) ടൂറിസം വരുമാനത്തിൽ 2020 കലണ്ടർ വർഷം 2019 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 33,681.73 കോടി രൂപയുടെ (74.82 ശതമാനം) ഇടിവാണ് ഉണ്ടായത്. തൊഴിൽ നഷ്ടം സംബന്ധിച്ച വിവരശേഖരണം പ്രത്യേകമായി തയ്യാറാക്കിയിട്ടില്ല, എന്നിരുന്നാലും ടൂറിസം വരുമാനത്തിലെ ഗണ്യമായ കുറവ് തൊഴിൽമേഖലയെയും സാരമായി ബാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ